


# വി. അൽഫോൻസ

Vol. 11, Issue: 6

ബ്ര. ജിയോ വർഗ്ഗീസ് പുത്തൻപുരയ്ക്കൽ MCBS

എല്ലാവർക്കും വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു.

തിരുവചനമാകുന്ന കണ്ണാടിയിൽ അന്നക്കുട്ടി തന്നെത്തന്നെയൊന്നു നോക്കി. അവൾ ഇപ്രകാരം വായിച്ചു: ‟ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും" (യോഹ. 12:24).

ഫ്രാൻസിസ് അസീസ്സിയും ക്ലാര പുണ്യവതിയും ഡോൺ ബോസ്കോയും ഡൊമിനിക് സാവിയോയും കൊച്ചുത്രേസ്യായും തോമാശ്ലീഹായുമെല്ലാം കേൾവിയിലും വായനയിലും നമുക്ക് പരിചിതരായ ചില വിശുദ്ധരാണ്. എന്നാൽ വി. അൽഫോൻസാമ്മയെ ഇവരിൽ നിന്നെല്ലാം വ്യത്യസ്തയാക്കുന്നത് അവൾ നമ്മുടെ നാട്ടിൽ ജനിച്ച്, നാം കഴിക്കുന്ന കഞ്ഞിയും കപ്പയുമെല്ലാം കഴിച്ച്, നമ്മുടെ പള്ളിക്കൂടത്തിൽ പഠിച്ച്, നമ്മുടെ മലയാളഭാഷ സംസാരിച്ച് സഭയുടെ യശസ്സുയർത്തി വിശുദ്ധയായി എന്നതു തന്നെയാണ്.

ജ്ഞാനം 6:10 - ൽ ഇപ്രകാരം പറഞ്ഞുവയ്ക്കുന്നു: ‟വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും; അവ അഭ്യസിക്കുന്നവർ രക്ഷ കണ്ടെത്തും." വി. മദർ തെരേസ ഇപ്രകാരം പറയുമായിരുന്നു: ‟ജീവിച്ചിരിക്കുമ്പോഴാണ് നാം വിശുദ്ധരാകേണ്ടത്. മരണശേഷം ആരും വിശുദ്ധരായിട്ടില്ല. വിശുദ്ധരായി പേര് വിളിക്കപ്പെട്ടിട്ടേയുള്ളൂ. ഓരോ ക്രിസ്ത്യാനിയും മാമ്മോദീസായിലൂടെ വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടവരാണ്. ക്രിസ്തുവിന്റെ പ്രേഷിതദൗത്യത്തിൽ പങ്കുചേരപ്പെട്ടവരാണ്."

‟അയയ്ക്കപ്പെട്ടവൻ അയച്ചവന്റെ ജീവിതത്തിലേയ്ക്കും ദൗത്യത്തിലേയ്ക്കും പ്രവേശിച്ച് സ്വയം ശൂന്യമാക്കി എല്ലാവർക്കും എല്ലാമായിക്കൊണ്ട് തന്റെ ആജീവനാന്ത വിളിയിൽ സ്ഥിരമായി നിന്നുകൊണ്ട് ഇതുവരെ സ്വന്തമെന്നു കരുതിയവയെല്ലാം പരിത്യജിച്ച് സാക്ഷാൽ സുവിശേഷാനുസൃത ജീവിതം വഴി സ്വരക്തം ചിന്തിക്കൊണ്ട് സ്വനാഥന് സാക്ഷ്യം വഹിക്കുന്നവനാണ് യഥാർത്ഥ പ്രേഷിതൻ" എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു.

എ.ഇ. അന്ന എന്ന പെൺകുട്ടി കന്യാമഠത്തിൽ പ്രവേശിച്ച് സി. അൽഫോൻസയായി, സി. അൽഫോൻസ അയച്ചവന്റെ ജീവിതത്തിലേയ്ക്കും ദൗത്യത്തിലേയ്ക്കും പ്രവേശിച്ചു. പരിമിതികളില്ലാതെ സ്നേഹിച്ചുകൊണ്ട്, പരാതികളില്ലാതെ സഹിച്ചുകൊണ്ട് അവൾ സ്വയം ശൂന്യമാക്കി. എല്ലാവർക്കും എല്ലാമായിത്തീർന്ന് അൽഫോൻസ അമ്മയായി തന്റെ ആജീവനാന്തവിളിയിൽ അവൾ സ്ഥിരമായി നിന്നു. ‟ഞാൻ മഠത്തിൽ പ്രവേശിച്ചത് പുണ്യവതിയാകാനാണ്. പുണ്യവതിയായില്ലെങ്കിൽ എന്റെ ജീവിതം കൊണ്ട് എന്ത് അർത്ഥമാണുള്ളത്?" എന്ന് സ്വയം ചോദിച്ചുകൊണ്ട് സ്വരക്തം ചിന്തി സ്വനാഥന് അവൾ സാക്ഷ്യം വഹിച്ചു. ഇന്നും നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായി അനേകരെ ക്രിസ്തുവിലേയ്ക്കടുപ്പിച്ച് അവൾ തന്റെ പ്രേഷിതദൗത്യം തുടരുകയാണ്.

ജീവിച്ചിരുന്ന കാലത്ത് മഠത്തിന്റെ മതിലുകൾക്കപ്പുറത്ത് അവൾ അറിയപ്പെട്ടിരുന്നില്ല. ലോകത്തിന്റേതായ മായികപ്രഭയോ പകിട്ടോ അവൾ വകവച്ചില്ല. ലോകത്തിന്റെ മാനദണ്ഡമനുസരിച്ച് പരിഗണനാർഹമായ ഒന്നും അൽഫോൻസാമ്മയുടെ ജീവിതത്തിലില്ലായിരുന്നു. തന്റെ ശാരീരികസൗന്ദര്യത്തേക്കാൾ അവൾ ഇഷ്ടപ്പെട്ടത് ആന്തരീകസൗന്ദര്യമായിരുന്നു. അവളുടെ മരണം പത്രങ്ങളിൽ വാർത്തയായില്ല. അവ

ളുടെ ശവസംസ്കാരം പരിസരവാസികളുടെ ശ്രദ്ധയെപ്പോലും ആകർഷിച്ചില്ല. അവൾ ഒരു സാധാരണക്കാരിയായിരുന്നു. രഹസ്യമായിരുന്ന അവളുടെ വിശുദ്ധി വളരെ കുറച്ചു പേർക്കു മാത്രമേ അറിയാമായിരുന്നുള്ളൂ. നിഷ്കളങ്കരായ സ്കൂൾ കുട്ടികളിലൂടെയാണ് അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥ്യശക്തി ലോകം തിരിച്ചറിഞ്ഞത്.

അൽഫോൻസാമ്മ പറയുമായിരുന്നു: ''ഗോതമ്പുമണികൾ പൊടിച്ചുണ്ടാക്കുന്ന വെണ്മയേറിയ മാവ് വീണ്ടും അഗ്നിയാൽ പുടപാകം ചെയ്യപ്പെട്ട് ഓസ്തിയാകുന്നു. അഴിയാനും പൊടിയാനും ഞെരുക്കത്തിന്റെ വഴിയിലൂടെ നടന്നുനീങ്ങാനും തയ്യാറായാൽ മാത്രമേ നമ്മിൽ ഈശോയുടെ മുഖച്ഛായ പതിയൂ. കർത്താവ് തരുന്ന കാസ അതിന്റെ മട്ടു വരെ കുടിച്ചിറക്കണം. കുരിശുകൾ തന്നാണ് ഈശോ നമ്മെ സ്നേഹിക്കുന്നത്.''

ഉറങ്ങാൻ സാധിക്കാത്ത രാത്രികളിൽ നീ എന്തുചെയ്യുന്നുവെന്ന കാളാശ്ശേരി പിതാവിന്റെ ചോദ്യത്തിന് അവളുടെ ഉത്തരം ഇപ്രകാരമായിരുന്നു: ''ഞാൻ സ്നേഹിക്കുകയാണ്.'' സഹനങ്ങളിലൂടെ ക്രിസ്തുവിനെ പ്രണയിച്ച മാലാഖയായിരുന്നു വി. അൽഫോൻസാമ്മ.

''സ്വർഗ്ഗത്തിൽ അങ്ങല്ലാതെ ആരാണ് എനിക്കുള്ളത്. ഭൂമിയിലും അങ്ങയെ അല്ലാതെ ഞാൻ ആരെയും ആഗ്രഹിക്കുന്നില്ല'' (സങ്കീ. 73:25) എന്ന സങ്കീർത്തകന്റെ വചനങ്ങൾ അവളുടെ ഹൃദയത്തെ ഭരിച്ചിരുന്നു. ബോബിയച്ചന്റെ വാക്കുകൾ കടമെടുത്തു പറയുമ്പോൾ, കലഹിക്കാനും പരിഭവം പറയാനും സങ്കടപ്പെടാനും അണച്ചുപിടിക്കാനും തന്നെ സ്വന്തമാക്കിയ ക്രിസ്തുവിന്റെ കുരിശുകളോട് അവൾ ഒട്ടിച്ചേർന്നിരുന്നു. വേദനയുടെ മുള്ള് ഒടിഞ്ഞുപോകുന്നത് അതിൽ സ്നേഹം കലർത്തുമ്പോഴാണെന്ന തത്വം തന്റെ ദൈവ - സഹോദരസ്നേഹത്തിലൂടെ അവൾ അന്വർത്ഥമാക്കി. തന്റെ സഹോദരിമാർക്കുവേണ്ടി അവൾ സൂക്ഷിച്ചുവച്ച കൊച്ചു മെഴുകുതിരികൾ പോലെ അവളുടെ ജീവിതവും നിസ്സാരതയിൽ എത്രയോ സുന്ദരമായിരുന്നു.

വേദനകളും തകർച്ചകളുമുണ്ടാകുമ്പോൾ നാം അറിയാതെ ദൈവത്തെ വിളിച്ചുപോകും. കേരളത്തിൽ പ്രളയമുണ്ടായപ്പോൾ പ്രിയപ്പെട്ടവരും സമ്പത്തുമെല്ലാം നഷ്ടപ്പെടുമെന്ന ഭീതിയില്ലെങ്കിലും പ്രാർത്ഥിക്കാത്തവർ പോലും ദൈവത്തെ വിളിച്ചു. 'നിപ' വൈറസ് നമ്മുടെ നാടിനെ ഭീതിയിലാഴ്ത്തിയപ്പോൾ 'ദൈവമേ' എന്നു വിളിച്ച് ഒതുങ്ങിജീവിക്കാൻ മാത്രമേ നമുക്കാകുമായിരുന്നുള്ളൂ. ഇന്ന് കോവിഡ് - 19 എന്ന ഒരു വൈറസ് ലോകം മുഴുവനെയും ആശങ്കയിലാഴ്ത്തുമ്പോൾ പ്രതിസന്ധികളുടെ നടുവിൽ നാമെല്ലാവരും ചേർന്ന് ദൈവത്തെ വിളിക്കുന്നു. ഇങ്ങനെ വിഷമസന്ധികളുടെയും സഹനങ്ങളുടെയും പോരായ്മകളുടെയും നടുവിൽ ദൈവത്തെ വിളിക്കുന്ന നമുക്കു മുമ്പിൽ 'തനിക്ക് സഹനങ്ങൾ തരണമേ' എന്നു പ്രാർത്ഥിച്ച ഈ വിശുദ്ധ നമുക്കൊരു മാതൃകയാണ്.

ഷോപ്പനോർ എന്ന നിരീശ്വരവാദിയായ തത്വചിന്തകൻ മരണക്കിടക്കയിൽ വച്ച് ഇപ്രകാരം പറഞ്ഞു: ''ദൈവമേ, എന്നു വിളിക്കുമ്പോൾ മാത്രമേ എനിക്കൽപ്പം ആശ്വാസം ലഭിക്കുന്നുള്ളൂ.'' വി. അൽഫോൻസാമ്മയെ സംബന്ധിച്ചിടത്തോളം ക്രൂശിതനായ മിശിഹായെ കണ്ടുമുട്ടാനുള്ള വേദികളായിരുന്നു അവളുടെ സഹനങ്ങൾ.

പ്രിയമുള്ളവരേ, ദൈവത്തെ കണ്ടുമുട്ടാനുള്ള വേദികളാക്കി നമുക്ക് നമ്മുടെ സഹനങ്ങളെ മനസ്സിലാക്കാം. രോഗപീഡകളിലും സാമ്പത്തിക തകർച്ചകളിലും കുറ്റപ്പെടുത്തലുകളിലുമെല്ലാം ദൈവവും നമ്മുടെ കൂടെയുണ്ടെന്ന് നമുക്ക് തിരിച്ചറിയാം. പ്രത്യേകിച്ച് ഈ കോവിഡ് കാലഘട്ടം ദൈവാശ്രയബോധത്തിൽ വളരാനുള്ള ഒരു ദൈവാനുഭവത്തിന്റെ കാലമായിത്തീരട്ടെ. വി. തോമസ് മൂറിന്റെ വാക്കുകളിൽ ''ജീവിതത്തിൽ സംഭവിക്കുന്ന യാതൊന്നിനെക്കുറിച്ചും നാം ഭയപ്പെടേണ്ടതില്ല. കാരണം, ദൈവം അറിയാതെ നമ്മുടെ ജീവിത ത്തിൽ ഒന്നും സംഭവിക്കുന്നില്ല.''

പത്രോസ് ശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുകയാണ്: ''പ്രിയപ്പെട്ടവരേ, നിങ്ങളെ പരീക്ഷിക്കാനായി അഗ്നിപരീക്ഷകളുണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്. ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ. അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും'' (1 പത്രോസ് 4:12 - 13). സഹങ്ങളിലൂടെ ദൈവത്തെ മഹത്വപ്പെടുത്തിയ അൽഫോൻസാമ്മയിലൂടെ അത്ഭുതങ്ങൾ പ്രവർത്തിച്ച് അവളെ ദൈവം ഈ ലോകത്തിൽ മഹത്വപ്പെടുത്തി.

വിശുദ്ധിയുടെ ഭാഷ അന്യമായ ബാബേൽ ഗോപുരങ്ങളായി അഭിരമിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ദൈവത്തിന്റെ വചനം വസിക്കുന്ന കൂടാരമാണ് ഓരോ വിശുദ്ധനും വിശുദ്ധയും. സാധാരണ ജീവിതചര്യകൾ അസാധാരണമായി ചെയ്ത് വിശുദ്ധി പ്രാപിച്ച അൽഫോൻസാമ്മയെപ്പോലെ നമുക്കും നന്മകൾ ചെയ്ത് സഹനങ്ങളെ കൃപയുടെ അവസരങ്ങളാക്കി ദൈവത്തെ മഹത്വപ്പെടുത്താം.

മുളന്തണ്ടിൽ നിന്നും സംഗീതത്തിലേയ്ക്കുള്ള ദൂരം ഏഴ് മുറിവുകളുടേതാണ്. ജോർജ് മാറ്റിസൺ എന്ന ആംഗലേയ കവി പ്രണയഗാനങ്ങളെഴുതുമ്പോൾ അദ്ദേഹം ഒരു യുവതിയെ പ്രണയിച്ചിരുന്നു. ഇരുവരും വിവാഹം കഴിക്കാൻ തീരുമാനിച്ചു. എന്നാൽ, വിവാഹത്തലേന്ന് അദ്ദേഹത്തിന്റെ കാഴ്ച നഷ്ടപ്പെട്ടു. ആ യുവതി വിവാഹത്തിൽ നിന്ന് പിന്മാറുകയും ചെയ്തു. അന്ന് അയാൾ ദൈവത്തോട് ഇപ്രകാരം പറഞ്ഞു: ''ദൈവമേ, നീ എന്റെ പ്രണയത്തിന്റെ ചില്ലുടച്ചത് നിന്റെ ദർശനം തരാൻ വേണ്ടിയായിരുന്നു.'' വികലമായ ദർശനങ്ങളെ വിശുദ്ധമാക്കാൻ ദൈവം ഒരുക്കിത്തന്നിരിക്കുന്ന അവസരങ്ങളാണ് സഹനങ്ങൾ.

സഹനത്തിന്റെ നിമിഷങ്ങളിൽ അൽഫോൻസാമ്മ ക്രൂശിതനിലേയ്ക്കു നോക്കി. ക്രൂശിതൻ സ്നേഹത്തോടെ അവളെയും നോക്കി. ആ നോട്ടം അവളെ വിശുദ്ധിയിലേയ്ക്കു നയിച്ചു. സഹനത്തിന്റെ മാലാഖയായ അൽഫോൻസാമ്മ തന്റെ നിത്യസമ്മാനം സന്തോഷപൂർവ്വം സ്വീകരിച്ച് സ്വർഗ്ഗത്തിലേയ്ക്കു യാത്രയായി. എന്നാൽ ഇന്നും ഈശോയ്ക്ക് തന്നോടുകൂടെ സഹിക്കാൻ മനുഷ്യരെ ആവശ്യമുണ്ട്. അത് നമ്മളൊക്കെയാണ്. പെസഹാക്കുഞ്ഞാടായ മിശിഹാ ഓരോ വിശുദ്ധ ബലിയിലും തന്റെ ശരീരവും രക്തവും നമുക്ക് നൽകുമ്പോൾ ഇതിൽ നിന്നും ശക്തി സംഭരിച്ചുകൊണ്ട് നമുക്കും നമ്മുടെ സഹനങ്ങളെ വിശുദ്ധമാക്കാം.